ഉത്തരം

(എ)&(ബി) നഴ്സുമാരുടെ മൂന്ന് ഒഴിവുകൾ മാത്രമാണുള്ളത്. നഴ്സിംഗ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മൂന്നുവാർഡുകളിലും ഓരോ ഹെഡ് നഴ്സ് വീതം ഉണ്ട്. സ്റ്റാഫ് നഴ്സ്മാർ വാർഡ് നമ്പർ 15-ൽ 8 പേരും 16-ാം വാർഡിൽ 7 പേരും 17-ാം വാർഡിൽ 6 പേരും ഉണ്ട്.

(ഡി) നഴ്സുമാരുടെ ഒഴിവിൽ സ്റ്റൈപ്പന്റ്റി കാൻഡിഡേറ്റിൽനിന്നും താമസംവിനാ നിയമനം നടത്തുന്നതാണ്. നഴ്സിംഗ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നികത്തുവാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർസ്പെഷ്യാലിറ്റി കോംപ്ലക്സ്

148 (859)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടത്തിന്റെ എ.സി. ഡി. ബ്ലോക്കുകളുടെ കോൺക്രീറ്റ് തൂണുകൾ, ബീം എന്നിവയുടെ റൂഫ് ബ്ലോക്ക് വരെ പണി കഴിഞ്ഞു. സി, ഇ എന്നീ ബ്ലോക്കുകളുടെ കോൺക്രീറ്റ് നാലാംനിലവരെ ചെയ്തു കഴിഞ്ഞു. 255 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള ഒരു നിർദ്ദേശം ചീഫ് എഞ്ചീനീയറിൽ നിന്നും ലഭിച്ചത് സർക്കാരിന്റെ പരിശോധനയിലാണ്.

കരുനാഗപ്പള്ളിയിലെ ക്യാൻസർ സെന്റർ

149(860)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന ക്യാൻസർ സെന്റർ നിർത്തലാക്കുന്നതിനെതിരെ പ്രസ്തുത പ്രദേശത്ത് രൂപീകരിച്ച ആക്ഷൻ കൗൺസിലും കായംകുളം എം.എൽ.എ.യും നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ നൽകുന്ന സഹായം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അണുപ്രസരണ മേഖലയാണെന്ന് കണക്കാക്കപ്പെടുന്ന ഈ പ്രദേശത്ത് ക്യാൻസർ സെന്റർ തുടരുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly